# പുസ്തകപരിചയം





**ആര്യനന്ദ**
**STD VIII . C**
**5/7/2019**




വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രശസ്ത നോവലുകളിൽ ഒന്നാണ് മതിലുകൾ .ബഷീർ ബ്രിട്ടീഷുകാർക്കെതിരെ എഴുതിയതിന് ജയിലിലാകുന്നു .സരസനായ ബഷീർ ജയിലിലെ സഹവാസികളുമായും ജയിൽ അധികൃതരുമായും സൗഹൃദത്തിലാകുന്നു.ഒരു ദിവസം മതിലിനപ്പുറത്തെ സ്ത്രീ തടവുകാരുടെ ജയിലിൽ നിന്നും നാരായണിയുടെ ശബ്ദം കേൾക്കുന്നു.തുടർന്ന് ഇരുവരും പരിചയത്തിലാകുകയും ഇടയ്ക്കിടെ മതിലിനിരുപുറവും നിന്നുകൊണ്ട് പരസ്പരം സംസാരിക്കുകയും ചെയ്യുന്നു. നാരായണിയുമായി കൂടുതൽ അടുത്തുപോയ ബഷീറിന് അവളെ കാണാനുള്ള ആഗ്രഹം നിയന്ത്രിക്കാനാകാതെ വരുന്നു.തുടർന്ന് ജയിലിനടുത്തെ ആശുപത്രിയിൽ വെച്ച് പരസ്പരം കാണാം എന്ന ധാരണയോടെ ആ ദിവസത്തിനുവേണ്ടി കാത്തിരിക്കുന്ന ബഷീറിന് പൊടുന്നനെ മറ്റൊരു വാർത്ത കേൾക്കേണ്ടിവന്നു - താൻ ഉടൻ ജയിൽ മോചിതാനാകുവാൻ പോകുന്നു.നാരായണിയെ പിരിയുന്നത് ഓർത്തുകൊണ്ട് അവളെ കണ്ടുമുട്ടുന്നത് വരെ ഉള്ളിൽ ഉണ്ടായിരുന്ന ആഗ്രഹത്തെ പ്രണയത്തിന്റെ പടിപ്പുരക്കപ്പുറത്തു നിർത്തി തന്റെ സ്വപ്നലോകത്ത് ബഷീർ വിഹരിക്കുന്നു.